നമ്പർ : ICPS 2/16479/2016

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി
(ഐ.സി.പി.എസ്)
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 27/04/2017

# വിജ്ഞാപനം

സാമൂഹ്യ നീതി വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിയ്ക്കു കീഴിൽ പെൺകുട്ടികൾക്കു വേണ്ടിയുള്ള ചൈൽഡ് കെയർ സ്ഥാപനങ്ങൾ ഇല്ലാത്ത എട്ട് ജില്ലകളിൽ സാമൂഹ്യ നീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ~~അംഗീകൃതമുള്ള~~ ചിൽഡ്രൻസ് ഹോമുകൾ തുടങ്ങുന്നതിന് താത്പര്യമുള്ള സന്നദ്ധസംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകൾക്ക് 2014-ലെ പുതുക്കിയ ഐ.സി.പി.എസ് ഗൈഡ്‌ലൈൻ പ്രകാരം വകുപ്പ് ധനസഹായം അനുവദിക്കുന്നതാണ്.

പെൺകുട്ടികൾക്കു വേണ്ടിയുള്ള ചൈൽഡ് കെയർ സ്ഥാപനങ്ങൾ ഇല്ലാത്ത തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോമുകൾ തുടങ്ങുന്നതിനായിട്ടാണ് അപേക്ഷ ക്ഷണിക്കുന്നത്. വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധസംഘടനകൾക്കു മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ താഴെപ്പറയുന്നവയാണ്:-

1. പെൺകുട്ടികൾക്കു വേണ്ടിയുള്ള ചിൽഡ്രൻസ് ഹോം ആരംഭിക്കുവാൻ താത്പര്യമുള്ള സന്നദ്ധസംഘടനകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. ചിൽഡ്രൻസ് ഹോമുകൾ ജെ.ജെ ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ നേടേണ്ടതാണ്.
3. അപേക്ഷിക്കുന്ന സംഘടനകൾക്ക് കുട്ടികൾക്കു വേണ്ടി സംരക്ഷണ ഭവനങ്ങൾ നടത്തി മൂന്നു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
4. ചിൽഡ്രൻസ് ഹോമിൽ 50 പെൺകുട്ടികളെ പ്രവേശിപ്പിയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.
5. പെൺകുട്ടികൾക്കു വേണ്ടിയുള്ള ചിൽഡ്രൻസ് ഹോമിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുവാൻ പാടില്ല.
6. സി.ഡബ്ല്യു.സി ഉത്തരവ് അനുസരിച്ച് മാത്രമേ സ്ഥാപനത്തിൽ കുട്ടികളെ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.
7. ഐ.സി.പി.എസ് ഗൈഡ്‌ലൈൻ പ്രകാരം 50 കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്.
8. 2014-ലെ പുതുക്കിയ ഐ.സി.പി.എസ് ഗൈഡ്‌ലൈനിന്റെ അനക്സ്ചർ പത്ത് പ്രകാരമുള്ള നിരക്കിലായിരിക്കും സാമ്പത്തിക സഹായം നൽകുക.
9. സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള 90% തുക മാത്രമേ സാമ്പത്തിക സഹായമായി നൽകുകയുള്ളൂ. ബാക്കിയുള്ള 10% തുക സ്ഥാപനം വഹിയ്ക്കേണ്ടതാണ്.
10. അപേക്ഷയോടൊപ്പം കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണ റിപ്പോർട്ട്, ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട് എന്നിവ ഉണ്ടായിരിക്കണം.
11. വകുപ്പിന്റെ ധനസഹായത്തോടെ ചിൽഡ്രൻസ് ഹോം പ്രവർത്തിപ്പിക്കുന്നതിന് അപേക്ഷ നൽകുവാൻ ഗവേണിംഗ് ബോഡി തീരുമാനം ഉണ്ടായിരിക്കണം.
12. 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ്, 2016-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസ് എന്നിവ പ്രകാരം ചിൽഡ്രൻസ് ഹോമിന് ബാധകമായ എല്ലാ വ്യവസ്ഥകളും ചട്ടങ്ങളും തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ പാലിയ്ക്കേണ്ടതാണ്.

<u>അപേക്ഷിക്കേണ്ട വിധം</u>

നിശ്ച്ചിത പ്രോഫോർമ്മയിലുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഡയറക്ടർ, ഐ.സി.പി.എസ് പൂജപ്പുര, പ്രിൻസൺ ഹെഡ്ക്വാർട്ടേഴ്സിനു എതിർവശം, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷിയ്ക്കേണ്ട അവസാന തീയതി 2017 മെയ് 31 ആണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിലോ, 0471-2342235 എന്ന നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോം ആരംഭിക്കുന്നതിനുള്ള അപേക്ഷ

(27/04/2017-ലെ ഐ.സി.പി.എസ് 2/16479/2016 നമ്പർ വിജ്ഞാപനം അനുസരിച്ച്)

1. സ്ഥാപനത്തിന്റെ പേര് :

2. മേൽവിലാസം :

3. ഫോൺ നമ്പർ :

4. ഇ-മെയിൽ ഐ.ഡി :

5. ട്രാവൻകൂർ കൊച്ചിൻ സാഹിത്യ ധർമ്മശാലാ - ശാസ്ത്രീയ സൊസൈറ്റി ആക്റ്റ് 1955 പ്രകാരമോ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് 1860 പ്രകാരമോ, മറ്റ് ഏതെങ്കിലും ആക്റ്റ് പ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

   എ. ഉണ്ടെങ്കിൽ, രജിസ്റ്റർ നമ്പറും തീയതിയും :

6. 2015-ലെ ജെ.ജെ ആക്റ്റ് സെക്ഷൻ 41 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

   എ. ഉണ്ടെങ്കിൽ, രജിസ്റ്റർ നമ്പറും കാലാവധിയും :

7. എം.ഒ.എ പ്രകാരം സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം :

8. സംഘടന ആരംഭിച്ച തീയതിയും വർഷവും :

9. സ്ഥാപനം ആരംഭിച്ച തീയതിയും വർഷവും :

10. സ്ഥാപനത്തിന് ചിൽഡ്രൻസ് ഹോം നടത്തി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുണ്ടോ :

    A. ഉണ്ടെങ്കിൽ മൂന്ന് വർഷത്തെ ഭരണ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടോ?

    B. മൂന്ന് വർഷത്തെ ആഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട് ഹാജരാക്കിയിട്ടുണ്ടോ?

11. ചിൽഡ്രൻസ് ഹോം നടത്തുന്നതിന് ആവശ്യമായ കെട്ടിടസൗകര്യം ലഭ്യമാണോ?

    A. ഉണ്ടെങ്കിൽ കെട്ടിടത്തിന്റെ വിസ്തൃതി :

    B. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി :

    C. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ചിൽഡ്രൻസ് ഹോമിന് കെട്ടിടസൗകര്യം ലഭ്യമല്ലെങ്കിൽ കെട്ടിടം ലഭ്യമാകുന്നതെങ്ങനെ, വിശദീകരിക്കുക :

PTO

12. സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ പരമാവധി എണ്ണം :

13. ഇപ്പോഴും സ്ഥാപനത്തിലുള്ള തസ്തികയും എണ്ണവും :

14. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒരു വർഷം വേണ്ടി വരുന്ന തുക :

15. ധനസഹായമായി ആവശ്യപ്പെടുന്ന തുക :

16. വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ?

സ്ഥലം :

തീയതി :

കോർഡിനേറ്റർ